# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4230          17.05.2017 ലെ മറുപടിക്ക്.**

## പ്രവാസികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുവാൻ ഇടപെടൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. പി. ടി. എ. റഹീം<br>ശ്രീമതി വീണാ ജോർജ്ജ് | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) ഗൾഫ് നാട്ടുകളിൽ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ സാധ്യതയും വേതനവും കുറഞ്ഞു വരുന്ന സാഹചര്യത്തിലും തൊഴിലുകൾ നേടാൻ നിർബന്ധിതരാകുന്നവരെ വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ വഞ്ചിക്കുന്നതും വിമാനക്കമ്പനികൾ അമിത നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നതും നിയന്ത്രിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (എ) തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ ഒഴിവാക്കുന്നതിനുമായി ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ നോർക്ക നടത്തിവരുന്നു. കൂടാതെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവാസികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. റിക്രൂട്ട്മെന്റ് തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി മുഖേന അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പ് മുഖേന അതാത് രാജ്യത്തെ എംബസ്സികളുമായി ബന്ധപ്പെട്ടും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റിക്രൂട്ട്മെന്റ് രംഗത്തെ തട്ടിപ്പ് തടയുന്നതിനായി 2015 ലെ കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നഴ്സുമാരെ തെരഞ്ഞെടുത്ത് വിദേശ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനും 2016 ലെ കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരം വീട്ട് ജോലിക്കായി പോകുന്ന സ്ത്രീകളുടെ റിക്രൂട്ട്മെന്റിനും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനമായ നോർക്ക റൂട്ട്സ് മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ച് സുതാര്യവും സുരക്ഷിതവുമായ രീതിയിൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു. |

വിമാനകമ്പനികൾ അമിത യാത്രക്കൂലി ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇക്കാര്യത്തിൽ ധാരാളം പരാതികളും നിവേദനങ്ങളും ലഭിച്ചിട്ടുള്ളതുമാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളോട് അനുകൂല നടപടി സ്വീകരിക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. അടിയന്തിര ഇടപെടലിനായി പല അവസരങ്ങളിലും കേന്ദ്ര സർക്കാർ പ്രതിനിധികളുമായുള്ള ചർച്ചകളിലും ഈ വിഷയം ഗൗരവമായി അവതരിപ്പിച്ചിട്ടുമുണ്ട്. കൂടാതെ ഇത്തരം സന്ദർഭങ്ങളിൽ എയർ ഇന്ത്യ മുഖാന്തിരം കൂടുതൽ വിമാനങ്ങൾ അനുവദിപ്പിക്കുന്നതിനും സ്വകാര്യ കമ്പനികളെക്കാൾ കുറഞ്ഞ നിരക്കിൽ യാത്രക്കൂലി ഈടാക്കി ദുരിതം പരിഹരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ചൂഷണത്തിന്റെ ഭാഗമായുള്ള വ്യാജപരാതികൾ കൊണ്ടും നിസ്സാര കുറ്റങ്ങൾ ചുമത്തിയും ജയിലിൽ അടയ്ക്കപ്പെടുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പുവരുത്തുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) തങ്ങളുടെതല്ലാത്ത കുറ്റങ്ങൾക്കും മറ്റ് ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമ സഹായം നൽകുന്ന <u>പ്രവാസി നിയമ സഹായ പദ്ധതി (**PLAC**)</u> നോർക്ക റൂട്ട്സ് ആവിഷ്ക്കരിച്ചിട്ടുണ്ട് കൂടാതെ വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ഇതിന് ആവശ്യമായി വരുന്ന യാത്രാ ചെലവ് വഹിക്കുന്നതിനും

ഈ പദ്ധതിയിലൂടെ കഴിയുന്ന

നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻഎംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്.

| | |
|---|---|
| (സി) പ്രവാസി കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടി കൈക്കൊള്ളുവാൻ തയ്യാറാകുമോ ? | (സി) പ്രവാസി ഭാരതീയ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.